നിയന്ത്രണത്തിലുള്ള മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ആയുർവ്വേദ മെഡിക്കൽ യൂണിറ്റുകൾ, സോഷ്യൽ വർക്കർമാർ എന്നിവർ മുഖേനയും ബോധവൽക്കരണം നൽകിവരുന്നു.

(ഡി) ആരോഗ്യ വകുപ്പിന്റെയും കിർത്താഡ്സിന്റെയും സഹായത്തോടെ മതിയായ പഠനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്തെ പട്ടികവർഗ്ഗ കോളനികളിലെ ദുരവസ്ഥ

299 (670) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ഖബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ പട്ടികവർഗ്ഗ കോളനികളിൽ പകർച്ചവ്യാധികൾ കൊണ്ടും പോഷകാഹാര കുറവ് നിമിത്തവും കുട്ടികളും ഗർഭിണികളും ഉൾപ്പെടെയുള്ളവർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ എടുത്ത നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ ; നടപടികൾ ഫലവത്തായോ ; വയനാട് ജില്ലയിൽ ഉൾപ്പെടെയുള്ള ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയാതെ വരുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

സംസ്ഥാനത്തെ പട്ടികവർഗ്ഗ കോളനികളിൽ പകർച്ചവ്യാധികൾ തടയുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ആരോഗ്യ വകുപ്പിന്റെയും സഹായത്തോടു കൂടി മഴക്കാലപൂർവ്വ രോഗങ്ങൾ ഉൾപ്പെടെയുള്ളവ പരിഹരിക്കുന്നതിനും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചുവരുന്നു. ആദിവാസികളായ സ്ത്രീകൾക്കും കുട്ടികൾക്കും അനുഭവപ്പെടുന്ന പോഷണക്കുറവ് ഉൾപ്പെടെയുള്ള ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേക്കായി പട്ടികവർഗ്ഗ വികസന വകുപ്പും സാമൂഹ്യനീതി വകുപ്പും ആരോഗ്യ വകുപ്പും വിവിധ ക്ഷേമ പദ്ധതികൾ നടപ്പാക്കിവരുന്നു. ടി പദ്ധതികൾ നടപ്പാക്കുന്നതിനാൽ കുടുംബശ്രീ പ്രവർത്തകരുടെയും ആശാവർക്കർമാരുടെയും സഹായം ലഭ്യമാകുന്നുണ്ട്. ദേശീയ ഗ്രാമീണ ഉപജീവനോപാധി വികസന ദൗത്യ (എൻ.ആർ.എൽ.എം.)-ന്റെ ഭാഗമായി അട്ടപ്പാടിയിലെ ഒട്ടുമിക്ക ഊരുകളിലും കമ്മ്യൂണിറ്റി കിച്ചനുകൾ പ്രവർത്തനം

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിച്ചിട്ടുണ്ട്. കൗമാരക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, ശിശുക്കൾ, അശക്തർ, വൃദ്ധർ എന്നിവർക്ക് പാകം ചെയ്ത ഭക്ഷണം പ്രദാനം ചെയ്യുവരുന്നു. പി.വി.റ്റി.ജി. മേഖലകളിൽ ഭക്ഷ്യധാന്യങ്ങൾ സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. സംസ്ഥാനത്താകെയുള്ള പട്ടികവർഗ്ഗ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ആവശ്യാനുസരണം പോഷകാഹാരം വാങ്ങി ഭക്ഷിക്കുന്നതിന് പ്രതിമാസം 1000 രൂപ ജനനിജന്മരക്ഷാ പദ്ധതിയിലൂടെ വിതരണം ചെയ്യുന്നു. സർക്കാർ സ്വീകരിച്ച നടപടികൾ ഫലവത്തായി ഭവിച്ചിട്ടുണ്ട്. വയനാട് ജില്ല ഉൾപ്പെടെയുള്ള ജില്ലകളിൽ മേൽ പരാമർശിത വിഷയങ്ങളിൽ പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്.

പട്ടികവർഗ്ഗ ക്ഷേമ പദ്ധതി

300 (672) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവും ഹൗസിംഗ് ബോർഡുകളും മൃഗശാലകളും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമ പദ്ധതികൾക്കായി ഓരോ വർഷവും എത്ര തുക നീക്കിവച്ചെന്ന് വിശദമാക്കുമോ ;

(ബി) ഏതൊക്കെ പ്രവൃത്തികൾക്കായാണ് പ്രസ്തുത തുക നീക്കിവച്ചതെന്നും ഇതിൽ ഓരോ വർഷവും എത്ര തുക ചെലവഴിച്ചെന്നും വിശദമാക്കുമോ ;

(സി) പ്രസ്തുത കാലയളവിൽ പ്രതിവർഷം പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾക്കായി കേന്ദ്ര ഫണ്ടിനത്തിൽ എത്ര തുക ലഭ്യമായെന്നും ആയത് ഏതെല്ലാം പദ്ധതികൾക്കായി എത്ര വീതം ചെലവഴിച്ചുവെന്നും വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമ പദ്ധതികൾക്കായി ഓരോ വർഷവും ബഡ്ജറ്റ് വിഹിതമായി ലഭിച്ച തുകയും അതിൽനിന്നും പൊതുമരാമത്ത് വകുപ്പിനും റൂറൽ ഡെവലപ്മെന്റ് വകുപ്പിനും അനുവദിച്ച തുക ഒഴികെ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതിയുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly